## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *590

28.03.2018 ൽ മറുപടിക്ക്

### ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പി. വി. അൻവർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇപ്പോൾ ലഭിക്കുന്ന ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ എന്നിവയേക്കാൾ വിലക്കുറവും സംരക്ഷിതവും എന്നാൽ താരതമ്യേന അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമാണ് പ്രകൃതിവാതകം.<br>ആഭ്യന്തര ഗ്യാസിന്റെ വില ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിനേക്കാൾ കുറവാണ്. പ്രകൃതി വാതക പദ്ധതി നടപ്പിലാക്കുമ്പോൾ വീടുകളിൽ പൈപ്പുകളിലൂടെ പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പി എൻ ജി) എത്തിക്കുവാനും, വാഹനങ്ങൾക്ക് സി എൻ ജി ( കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) നൽകുവാനും സാധിക്കും. പൈപ്പ് ലൈൻ യാഥാർത്ഥ്യമായാൽ "സിറ്റിഗ്യാസി"ലൂടെ കുറഞ്ഞ തുകയ്ക്ക് വാതകം ലഭ്യമാക്കാൻ കഴിയും. ഇതിനുപുറമേ സി എൻ ജി ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് മലിനീകരണത്തിന്റെ തോത് കുറയും. ഗാർഹിക പൈപ്പ് ലൈൻ പദ്ധതി നടപ്പിലാകുമ്പോൾ റോഡിൽ നിന്ന് എൽ പി ജി ടാങ്കർ ലോറികളും, സിലിണ്ടർ ലോറികളും അപ്രത്യക്ഷമാകുന്നതിനാൽ റോഡുകളിലെ തിരക്കും അപകടങ്ങളും കുറയാൻ സാദ്ധ്യതയുണ്ട്. നിലവിൽ എൽ പി ജി ഉപയോഗിക്കുന്ന വ്യവസായ ശാലകൾക്ക് പ്രകൃതിവാതകം ലഭ്യമാകുന്നതോടുകൂടി |

| | | | |
|---|---|---|---|
| | | | ഇന്ധനച്ചെലവ് വളരെ ഗണ്യമായി കുറയുന്നതിനാൽ വലിയ ഒരു വ്യവസായ കുതിപ്പുതന്നെയാണ് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം തൊഴിൽ സാധ്യതയും വർദ്ധിക്കും. |
| (ബി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (ബി) | ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാരസമിതി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി നിരീക്ഷണത്തിനായി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി, പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പൈപ്പ് ലൈൻ കടന്നുപോകുന്ന ഏഴു ജില്ലകളിലും സബ് കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഗെയിലും ഏഴു ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗെയിലും സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പൂർത്തീകരണത്തിനായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. |
| (സി) | ഇനിയും സ്ഥലമെടുപ്പ് പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കേരളത്തിൽ ഏഴു ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-കൂറ്റനാട് -ബാംഗ്ലൂർ -മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോ മീറ്ററാണ്. ഇതിൽ 503 കിലോമീറ്ററിലും ഉപയോഗാവശ്യത്തിനായിട്ടുള്ള സ്ഥലം P & MP Act അനുസരിച്ചിട്ടുള്ള 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി, കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ (രണ്ടാം ഘട്ടം) പദ്ധതി 2018 ജൂൺ മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |

Bindu.T

**സെക്ഷൻ ഓഫീസർ.**